**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1258** **04-07-2022 - ൽ മറുപടിയ്ക്ക്**

**എറണാകുളം നഗരത്തിലെ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം നഗരത്തിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലം, വട്ടുതല-പേരണ്ടൂർ മേൽപ്പാലം, ഏലൂർ ചൗക്ക-ചേരാനല്ലൂർ പാലം തുടങ്ങിയവയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ? | (എ) | 1. **വാത്തുരുത്തി റെയിൽവേ മേൽപ്പാലം**<br><br>എറണാകുളം ജില്ലയിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് GO(Rt) No. 942/2017/PWD തീയതി 10.07.2017 പ്രകാരം ഭരണാനുമതി നൽകുകയും. ആർ.ബി.ഡി.സി.കെ. യെ SPV ആയി നിയമിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>ടി പദ്ധതിയുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി, ഇന്ത്യൻ റെയിൽവെ, ദേശീയപാത എന്നിവയുടെ നിയന്ത്രണത്തിലുള്ളതാണ്. കൂടാതെ പദ്ധതി പ്രദേശം നേവൽ എയർപോർട്ടിന്റെ സമീപവുമാണ്. ആയതിനാൽ ഇന്ത്യൻ നേവിയിൽ നിന്നും പദ്ധതിയുടെ നിർമ്മാണത്തിന് NOC ലഭിക്കേണ്ടതുമുണ്ട്. പദ്ധതിയുടെ അലൈൻമെന്റിന്റെ അംഗീകാരത്തിന് വേണ്ടി വിവിധതരം അലൈൻമെന്റുകൾ പരിശോധിക്കുകയും ഇവ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ തലത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവരുമായി ചർച്ച ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. വിവിധ തരം അലൈൻമെന്റുകൾ പരിശോധിച്ചെങ്കിലും കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവരുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഈ പ്രശ്നത്തിന്റെ പരിഹാരത്തിനായി സർക്കാരിൽ നടപടി സ്വീകരിച്ച് വരുന്നു.<br><br>2. **വട്ടുതല പേരണ്ടൂർ പാലം**<br><br>പ്രസ്തുത പാലത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>3. **ഏലൂർ ചൗക്ക ചേരാനല്ലൂർ പാലം** |

| | | | |
|---|---|---|---|
| | | | പാലം ഡിസൈൻ ചെയ്യുന്ന സമയത്ത് മുട്ടാർ പുഴയിലെ MFL+99.880mആയിരുന്നു. 2018 ലെ പ്രളയത്തിന് ശേഷം MFL+100.640m ആയി ഉയർന്നു. MFL ഉയർന്നതുമൂലം അബട്ട്മെന്റിന്റെ ഉയരം 5 മീറ്ററിൽ അധികം കൂടാൻ സാധ്യതയുണ്ട്. അതുമൂലം ലാഡ്സ്പാൻ അധികമായി കൂട്ടി ചെയ്യേണ്ടി വരികയും ചൗക്ക ഭാഗത്ത് പാലം കൊട്ടം വളവിലേയ്ക്ക് ചെന്ന് ചേരുകയും ചെയ്യും. ഇത് പ്രയോഗികമല്ലാത്തതിനാൽ നിലവിലുള്ള ഡിസൈനും അലൈൻമെന്റും മാറ്റി പുതുക്കിയ അലൈൻമെന്റിന്റെ അനുമതിക്കു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ